(Pages : 4) **L – 2241**

Reg. No. : ..............................

Name : ..................................

## Fourth Semester B.A./B.Sc. Degree Examination, May 2021

## First Degree Programme under CBCSS

## Language Course – Additional Language – Malayalam

## ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

## (2018 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. "ഇഷ്ടപ്പെട്ട കഥകൾ പലതുമുണ്ട്. ഏറ്റവും ഇഷ്ടപ്പെട്ട കഥ എഴുതാനിരിക്കുന്നതേയുള്ളൂ." ഇങ്ങനെ പറഞ്ഞതാര്?

2. ഔദ്യോഗിക അപേക്ഷകളിൽ "From, To" എന്നിവയ്ക്ക് ഉപയോഗിക്കുന്ന മലയാളപദങ്ങൾ ഏവ?

3. സൈബർ ലോകത്തെ സ്വന്തമായ സർഗ്ഗാത്മകമണ്ഡലം ഏതാണ്?

4. ഇന്ത്യാഗവൺമെന്റിന്റെ ദേശീയ ടെലിവിഷൻ ചാനലായ ദൂരദർശൻ ആരംഭിച്ച വർഷം ഏത്?

5. കേവലം വിവരങ്ങൾ സ്വീകരിക്കുക മാത്രമല്ല, അവയിൽ ഇടപെടുകയും വ്യക്തിപരമായ ആശയവിനിമയങ്ങൾ സ്വതന്ത്രമായി നടത്തുകയും ചെയ്യുന്ന മാധ്യമങ്ങൾക്ക് പറയുന്ന പേര്.

6. ബംഗാൾ ഗസറ്റ് എന്ന ഇന്ത്യയിലെ ആദ്യത്തെ വർത്തമാനപത്രം ഏതു നഗരത്തിൽനിന്നാണ് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്?

P.T.O.

St. Xaviers College, Thumba

7. പ്രതിഭ, വ്യുല്പത്തി, അഭ്യാസം എന്നീ മൂന്നു കാര്യങ്ങളാണ് ഭാരതീയസങ്കല്പമനുസരിച്ച് കാവ്യഹേതുക്കൾ. ഇവയിൽ ജന്മസിദ്ധമായി ലഭിക്കാത്ത ഘടകങ്ങൾ ഏതൊക്കെയാണ്?

8. അച്ചടിയന്ത്രം കണ്ടുപിടിച്ചത് ആര്?

9. തെറ്റുണ്ടെങ്കിൽ തിരുത്തുക: പ്രവർത്തി, സിദ്ദാന്തം.

10. ''എന്റെ കമ്പ്യൂട്ടറിന് എന്റെ ഭാഷ'' – ഇത് ഏത് സന്നദ്ധ സംഘടനയുടെ മുദ്രാവാക്യമാണ്?

**(10 × 1 = 10 Marks)**

II. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. കുറിപ്പെഴുതുക - യൂണിക്കോഡ്.

12. സാഹിത്യരചനയിൽ പല പല ഘട്ടങ്ങളുണ്ട് എന്ന് പ്രശസ്തരായ എഴുത്തുകാരെല്ലാം പറയാറുണ്ട്. ഏതെല്ലാമാണ് ആ ഘട്ടങ്ങൾ?

13. മാധ്യമങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സെൻസറിംഗ് ആവശ്യമാണോ? ചർച്ച ചെയ്യുക.

14. സമൂഹത്തിലെ എല്ലാ തട്ടിലുള്ളവർക്കും നേട്ടം ലഭിക്കാനായി മൂന്നു തരത്തിലുള്ള ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്. - ഏതൊക്കെയാണ് തട്ടുകൾ, എന്താണ് ആ ഇടപെടലുകൾ?

15. സാഹിത്യഭാഷയും സംസാരഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

16. വെർച്വൽ റിയാലിറ്റി എന്നാലെന്താണ്? അതിന്റെ സ്വഭാവമെന്ത്?

17. ഗ്രന്ഥശാലാപരിപാലന (library management system) ത്തിന് യൂണിക്കോഡ് വളരെ ഉപകാരപ്രദമാണ്. സമർത്ഥിക്കുക.

18. To blow one's own trumpet എന്ന പ്രയോഗത്തിന്റെ അർത്ഥവും ആശയവും വിശദീകരിക്കുക.

19. മലയാളത്തിലെ ആദ്യകാലപത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

St. Xaviers College, Thumba

20. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Great people are born to produce an influence on society. One such personality, who was so humble and lived his complete life with determination and purpose to achieve certain aims was Ishwar Chandra Vidyasagar. He was a great social reformer, writer, educator and worked endlessly to transform the society. He strongly protested against polygamy and child marriage. He favoured widow remarriage and women's education in India. The Widow Remarriage Act was passed in 1856 making the marriage of widows legal because of his efforts to solve these problems.

21. ഉപ്പു തിന്നവൻ വെള്ളം കുടിക്കും - ഈ പ്രയോഗത്തെ ഉചിതമായി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

22. ഉചിതചിഹ്നങ്ങളോടെ വാക്യശുദ്ധി വരുത്തുക.

(1) മഴ കാരണവും അസുഖം നിമിത്തവും അവൻ സ്കൂളിലേക്കു വരാത്തതുമൂലം അച്ഛൻ ക്ലാസ്സ് ടീച്ചർക്ക് അവധിക്കത്തു കൊടുത്തയച്ചു.

(2) ബസ്സുകളുടെ ഡ്രൈവർമാരോട് മൈതാനത്തിന്റെ തെക്കുവശത്തുകൂടി പ്രവേശിക്കാനായി ഉത്തരവിട്ടത് പോലീസ് ഇൻസ്പെക്ടറായിരുന്നു.

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. ഭരണഭാഷ, മാതൃഭാഷ എന്ന മുദ്രാവാക്യംകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

24. വാർത്താചാനലുകളുടെ വർദ്ധനവ് അച്ചടി പത്രങ്ങളെ ബാധിച്ചിട്ടുണ്ടോ? പരിശോധിക്കുക.

25. ഭാരതീയ സങ്കല്പമനുസരിച്ച് വ്യുല്പത്തിയും അഭ്യാസവും ഉണ്ടാക്കിയെടുക്കാം. പക്ഷേ പ്രതിഭ അങ്ങനെയല്ല. എന്തുകൊണ്ട്?

26. കവിതാവിവർത്തനം മറ്റു വിവർത്തനങ്ങൾ പോലെയല്ല. എന്തുകൊണ്ട്?

27. എം.ടി. യുടെ നിന്റെ ഓർമ്മയ്ക്ക് എന്ന കഥ എഴുതുന്ന വേളയിലുണ്ടായിരുന്ന സംഘർഷവും വൈകാരികാവസ്ഥയും എന്തൊക്കെയായിരുന്നു? വിവരിക്കുക.

28. ചൊല്ലുകളും ശൈലികളും ഒരു ഭാഷയുടെ ആത്മാവാണ്. അവയെ വിവർത്തനം ചെയ്യുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്?

St. Xaviers College, Thumba

29. മലയാളം കമ്പ്യൂട്ടിംഗിന്റെ രംഗത്തെ വിപ്ലവമാണ് യൂണിക്കോഡിന്റെ രംഗപ്രവേശം. ചർച്ച ചെയ്യുക.

30. സാങ്കേതികപദനിർമ്മാണം മലയാളത്തെ സംബന്ധിച്ച് ഇപ്പോഴും ഒരു കീറാമുട്ടിയാണ്. എന്തുകൊണ്ട്?

31. ഡിജിറ്റൽ വിടവ് എന്നാലെന്ത്? വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. സർഗ്ഗാത്മകതയുടെ ഉറവിടങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

33. സൈബർസാഹിത്യം എന്നാലെന്ത്? ഉദാഹരണസഹിതം വിശദീകരിക്കുക.

34. വർത്തമാനകാല മാധ്യമങ്ങൾ പുതിയ വിനിമയ സാധ്യതകളെ വിദഗ്ദ്ധമായി പ്രയോജനപ്പെടുത്തുന്നുണ്ടോ? ചർച്ച ചെയ്യുക.

35. കമ്പ്യൂട്ടർ മേഖലയിലെ മലയാളത്തിന്റെ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba